**കേരള സർക്കാർ**
**പതിമൂന്നാം കേരള നിയമസഭ**
**1-ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 2753

19.07.2011 ൽ ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി മറുപടി നൽകേണ്ടത്

| ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ | | |
|---|---|---|
| **ചോദ്യം**<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ഡോ.ടി.എം. തോമസ് ഐസക്ക്.<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീമതി.പി.അയിഷാ പോറ്റി | | **ഉത്തരം**<br>ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി |
| (എ) | മുൻ എൽ.ഡി.എഫ് സർക്കാർ ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ കമ്മീഷന് പുറമേ ബോണസ്, അലവൻസ്, ക്ഷേമനിധി കൂടാതെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയും നൽകിയിരുന്നുവോ;<br>വിശദമാക്കുമോ; | നൽകിയിരുന്നു,<br>ദേശീയ സമ്പാദ്യ പദ്ധതി ഏജൻറുമാരുടെ ക്ഷേമനിധി കൂടുതൽ ആകർഷകമാക്കുന്നതിനും അംഗത്വമുള്ള ഏജൻറുമാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനുമായി സമഗ്ര ആരോഗ്യ പരിരക്ഷ പദ്ധതിയിൽ ഏജൻറുമാർക്ക് അംഗത്വം നൽകാൻ 01.03.2011 ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 98/11/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗമാകുന്ന ഏജൻറിൻെറ പ്രതിവർഷ പ്രീമിയത്തിൻെറ 25% ഓരോ അംഗവും നൽകേണ്ടതും 25% സർക്കാർ വിഹിതമായി അനുവദിക്കുന്നതുമാണ്. ശേഷിക്കുന്ന 50% ഏജൻറ്സ് വെൽഫയർ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതുമാണ്. |

അക്കൗണ്ട്സ് ആഫീസർ